(ഡി) (1) ലോകായുക്തയിലെ സ്പെഷ്യൽ റൂളിന്റെ കരട് അംഗീകാരത്തിനായി 2000 ജനുവരിയിൽ സമർപ്പിച്ചിട്ടുണ്ട്.

(2) ലോകായുക്തയുടെ സുഗമമായ പ്രവർത്തനത്തിന് പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം നടത്തണമെന്ന് സർക്കാരിൽ സമർപ്പിച്ച വാർഷിക റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(3) ലോകായുക്തയിൽ നിലവിലുള്ള പഴയ നാല് വാഹനങ്ങൾക്ക് പകരം പുതിയ രണ്ട് വാഹനങ്ങൾ വാങ്ങുവാനും ശുപാർശ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ ശുപാർശകളും സർക്കാർ പരിശോധിച്ച് വരികയാണ്.

(ഇ) ലോകായുക്ത ആക്ടിലെ 12 (vii) വകുപ്പ് പ്രകാരം റിപ്പോർട്ട് അസംബ്ലിയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 1999 മുതൽ 2001 വരെയുള്ള റിപ്പോർട്ടുകൾ പ്രസ്തുത വകുപ്പ് പ്രകാരം നിയമസഭ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ഔദ്യോഗിക ചർച്ചകൾ

* 15 [366] ശ്രീ. പി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, ടി. കെ. ബാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി എത്ര ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് പ്രസ്തുത ചർച്ചകളിൽ ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ; ഇതിനോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരുമായുള്ള ചർച്ചകളെ തുടർന്ന് സംസ്ഥാനത്തിന് പ്രത്യേകമായി അനുവദിച്ചിട്ടുള്ള സഹായം എത്രയെന്ന് വിശദമാക്കുമോ;

(ഡി) ഏതൊക്കെ പദ്ധതികൾക്കാണിതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) നിവേദനങ്ങൾ നൽകിക്കൊണ്ട് പലതവണ മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും മറ്റു കേന്ദ്ര മന്ത്രിമാരുമായും ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച വേളകളിലെല്ലാംതന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള നിരവധി പ്രശ്നങ്ങൾ പ്രധാനമന്ത്രിയുടേയും മറ്റ് ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരുടെയും ശ്രദ്ധയിൽകൊണ്ടുവരുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും, പട്ടികവർഗ്ഗക്കാർക്കും, തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനായി 25,000 ടൺ അരി അനുവദിക്കുക, കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് 25 കോടി രൂപ അനുവദിക്കുക, തേയില കൃഷിക്ക് റിസർവ് ബാങ്ക് വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്ത ആശ്വാസ നടപടികൾ നടപ്പിലാക്കുക, തേയിലയുടേയും കാപ്പിയുടേയും എക്സൈസ് തീരുവ എടുത്തുകളയുക, പുനർകയറ്റുമതിക്കായുള്ള തോട്ടവിള ഇറക്കുമതികൾ താൽക്കാലികമായി നിർത്തിവെക്കുക, തേയില വിൽപ്പന കാര്യത്തിൽ ഫർഗുസൺ ശുപാർശകൾ നടപ്പിലാക്കുക, തേയിലക്കൃഷിക്കുള്ള വായ്പാപരിധി ഉയർത്തുകയും പലിശ നിരക്ക് കുറയ്ക്കുകയും ചെയ്യുക, സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം തുടരുക, ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുക, റേഷനിംഗ് സമ്പ്രദായം നിലനിർത്തുക, എറണാകുളം-കോട്ടയം-കായംകുളം റെയിൽപ്പാതയും, എറണാകുളം-ആലപ്പുഴ-കായംകുളം റെയിൽപ്പാതയും വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുക, റെയിൽവേ വൈദ്യുതീകരണം ത്വരിതപ്പെടുത്തുക, മംഗലാപുരം-ഷൊർണ്ണൂർ റെയിൽപ്പാത വൈദ്യുതീകരിക്കുക, വല്ലാർപ്പാടം അന്തർ ദേശീയ കണ്ടയ്നർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003 സെപ്തംബറിൽത്തന്നെ ആരംഭിക്കുക, എൽ. എൻ. ജി. പെട്രോനെറ്റ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക, കോഴിക്കോട് വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി ഉയർത്തുക, കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുക, നാളികേര ടെക്നോളജി മിഷന് കൂടുതൽ ഫണ്ട് ലഭ്യമാക്കുക, ശാസ്ത്രീയമായി പഠനം നടത്തി നാളികേരത്തിന്റെ തറവില വർദ്ധിപ്പിക്കുക, വർദ്ധിപ്പിച്ച തറവില കൃഷിക്കാർക്ക് ലഭ്യമാക്കുക, പമ്പ ആക്ഷൻ പ്ലാൻ, നാഷണൽ ബാംബൂ മിഷൻ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക, കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുക, കയറിന് മിനിമം എക്സ്പോർട്ട് പ്രൈസ് നിശ്ചയിക്കുക, പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജനയിൽനിന്നും കൂടുതൽ തുക ലഭ്യമാക്കുക, സംസ്ഥാനത്ത് ഒരു ഐ. ഐ. റ്റി. സ്ഥാപിക്കുക, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യൂറോപ്പ്, അമേരിക്ക എന്നീ രാജ്യങ്ങളിൽനിന്നുള്ള വിമാന കമ്പനികൾക്ക് സർവീസ് നടത്തുവാൻ അനുമതി നൽകുക, മണ്ണെണ്ണയുടെ ക്വാട്ട കുറയ്ക്കുന്നത് തടയുക, അഗ്രി എക്സ്പോർട്ട് പ്രോസസിംഗ് സോൺ ആരംഭിക്കുന്നതിന് അനുമതി നൽകുക, ഇഫ്കോയുടെ സഹായത്തോടെ സഹകരണ മേഖലയിൽ FACT ഏറ്റെടുത്ത് നടത്തുക, കേരളത്തിന് മാത്രമായി ഒരു റെയിൽവേ സോൺ അനുവദിക്കുക, ദേശീയ ജലപാത പദ്ധതി വേഗം നടപ്പിലാക്കുക എന്നീ പ്രശ്നങ്ങളാണ് ചർച്ചയിൽ പ്രധാനമായും ഉന്നയിക്കപ്പെട്ടത്. മിക്ക ആവശ്യങ്ങളോടും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രം സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മറ്റു ചിലത് സമയബന്ധിതമായി തീർക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും രണ്ടാഴ്ചക്കാലം സൗജന്യ റേഷൻ നൽകുന്നതിന് 25,000 ടൺ അരിയും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്. ജി. ആർ. വൈ. (സ്പെഷ്യൽ കമ്പോണന്റ്) പ്രകാരം ഫുഡ് ഫോർ വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 42,000 മെട്രിക് ടൺ അരിയും അനുവദിച്ചു. വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003-ൽ തന്നെ ആരംഭിക്കുമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്. കോട്ടയം വഴിയുള്ള എറണാകുളം-കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് 8 കോടി രൂപയും, കോഴിക്കോട്-മംഗലാപുരം പാതക്ക് 25 കോടി രൂപയും ഷൊർണ്ണൂർ-കോഴിക്കോടിന് 30 കോടി രൂപയും നടപ്പു വർഷത്തെ റെയിൽവേ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഴം പച്ചക്കറി എക്സ്പോർട്ട് സോണിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ഇതിനകം ലഭിച്ചിട്ടുണ്ട്.

ഗവ. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടുമെന്റിൽ നടത്തുന്ന പാരാമെഡിക്കൽ ടെസ്റ്റുകൾ

* 16 [367] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ കെ. മോഹൻകുമാർ:
„ എ. കെ. മണി:
„ എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെൻറിൽ നടത്തുന്ന വിവിധ പാരാമെഡിക്കൽ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക ഗവൺമെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥാപനത്തിന്റെയോ രോഗികളുടേയോ നന്മക്കുവേണ്ടി ചെലവഴിക്കുകയോ ചെയ്യാറുണ്ടോ;

(ബി) ഈ വകുപ്പ് സ്ഥാപിച്ച ശേഷം പാരാമെഡിക്കൽ ടെസ്റ്റിന്റെ ഫീസിനത്തിൽ ഇന്നേവരെ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുക എപ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) ഈ വകുപ്പിന് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തു തുക ധനസഹായമായി ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കു വേണ്ടി ചെലവഴിച്ചു;

(ഇ) ഈ ഡിപ്പാർട്ട്മെന്റിന്റെ വരവുചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ;

(എഫ്) ഈ വകുപ്പിന്റെ വരവുചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly